**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂജല വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂജലവകുപ്പിന്റെ ആധുനികവൽക്കരണത്തിനായി നൂതനമായ 6 കുഴൽകിണർ നിർമ്മാണ റിഗ്ഗുകൾ 6.74 കോടി രൂപ മുടക്കി സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റിന്റെ 100 ശതമാനം ഗ്രാന്റിൽ നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റ് വഴി താഴെ പ്രതിപാദിക്കുന്ന കാര്യങ്ങൾ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>• തീരദേശങ്ങളിൽ കുഴൽകിണർ നിർമ്മാണം ഫലപ്രദമാക്കുവാനും ജലലഭ്യതയുള്ള മേഖല കൃത്യമായി തിട്ടപ്പെടുത്തുവാനും വേണ്ടി സഞ്ചരിക്കുന്ന geophysical ലോഗർ യൂണിറ്റും നിരീക്ഷണ കിണറുകളിലൂടെ ഉള്ള ജല വിതാന വിവര ശേഖരണം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി Automatic Water Level Recorder with Telemetry സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.<br>• കുഴൽ കിണറുകളിലെ ജലത്തിന്റെ മേഖലകൾ സാങ്കേതികമായും, ശാസ്ത്രീയമായും പഠിക്കുന്നതിനു bore hole camera വാങ്ങുകയുണ്ടായി.<br>• മലയോര തീരദേശ മേഖലകളിൽ ഉൾപ്പെടെ ജല ഗുണ നിലവാര പരിശോധന സാധ്യമാക്കുന്നതിനായി സഞ്ചരിക്കുന്ന ജല പരിശോധന ലാബ് യൂണിറ്റ് വാങ്ങുകയുണ്ടായി.<br>• വകുപ്പിന്റെ 3 റീജിയണൽ ലാബുകളിലും ജലഗുണനിലവാരം പരിശോധിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ